**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി യോഗങ്ങൾക്കും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾക്കും ആവശ്യമായ മിനിട്സ് ബുക്കുകളും നോട്ടീസ് ബുക്കുകളും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം. 1988/2014/തസ്വഭവ തിരുവനന്തപുരം, തീയതി 31/07/2014.**

==========================================================

പരാമർശം:- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 21/05/2014-ലെ 2068/എൽ/14/സം.തി.ക. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനറൽ കമ്മിറ്റി തീരുമാനങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങളും രേഖപ്പെടുത്തുന്നതിനായി വെവ്വേറെ മിനിട്സ് ബുക്കുകളും, പഞ്ചായത്ത് കമ്മിറ്റികൾക്കും, സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വേണ്ടി പ്രത്യേകം നോട്ടീസ് ബുക്കുകളും സൂക്ഷിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു പൊതു നിർദ്ദേശം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും നൽകിയിട്ടുള്ളതായും ടി ആവശ്യത്തിലേക്കായി വേണ്ടിവരുന്ന മിനിട്സ് ബുക്കുകളും നോട്ടീസ് ബുക്കുകളും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിക്കുന്നതിനും ആയവ സ്പെഷ്യൽ ഇൻഡന്റ് മുഖേന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നേരിട്ട് എത്തിച്ചു കൊടുക്കുന്നതിനും ഇതിനു വേണ്ടി വരുന്ന ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിക്കുന്നതിനും ഉള്ള അനുമതി നൽകണമെന്ന് പരാമർശം പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നോട്ടീസ് ബുക്കുകളും യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനായുള്ള മിനിട്സ് ബുക്കുകളും ആവശ്യമായ അളവിൽ അച്ചടിക്കുന്നതിനും അവ സ്പെഷ്യൽ ഇൻഡന്റ് മുഖേന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നേരിട്ട് എത്തിച്ചു കൊടുക്കുന്നതിനും ഗ്രാമലക്ഷ്മി മുദ്രാലയത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനു വേണ്ടി വരുന്ന ചെലവ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം.ഷാഹുൽ ഹമീദ്**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഗ്രാമ/ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ